**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3839** **27-06-2024 - ൽ മറുപടിയ്ക്ക്**

**തീറ്റപ്പുൽ കൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്നും എത്ര ഹെക്ടറിൽ തീറ്റപ്പുൽ കൃഷി നടപ്പാക്കി വരുന്നുവെന്നും വ്യക്തമാക്കാമോ? | (എ) | തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നിലവിൽ മൃഗസംരക്ഷണ വകുപ്പിൽ പദ്ധതികളൊന്നും നടപ്പിലാക്കിവരുന്നില്ല.<br><br>തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് ഓരോ സാമ്പത്തിക വർഷവും ഏകദേശം 2500 ഹെക്ടർ സ്ഥലത്ത് അധികമായി തീറ്റപ്പുൽകൃഷി നടപ്പിലാക്കുന്നു. ക്ഷീരവികസന വകുപ്പിന്റെ പ്രധാന പദ്ധതികളിലൊന്നായ തീറ്റപ്പുൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തീറ്റപ്പുൽകൃഷി നടപ്പിലാക്കൽ, തരിശു ഭൂമിയിൽ തീറ്റപ്പുൽകൃഷി, കോളാർ മോഡൽ (മുരിങ്ങ & ഹൈബ്രിഡ് നേപ്പിയർ) തീറ്റപ്പുൽകൃഷി, SHG/JLG ഗ്രൂപ്പുകൾ മുഖാന്തിരം തീറ്റപ്പുൽകൃഷി ഉത്പാദനവും, വിപണനവും, തീറ്റപ്പുല്ലിനുള്ള നടീൽ വസ്തുക്കൾ കർഷകരിൽ എത്തിക്കുന്നതിനായിട്ടുള്ള ട്രാൻസ്പോർട്ടേഷൻ കോസ്റ്റ്, ചോളം കൃഷി, സൈലേജ് ഉത്പാദനം എന്നിവ നടപ്പിലാക്കുന്നുണ്ട്.<br><br>തീറ്റപ്പുൽകൃഷിയുടെ പ്രാധാന്യവും അതിന്റെ നൂതന സാങ്കേതിക അറിവുകളും, പദ്ധതി നടപ്പിലാക്കുന്ന വിവിധ രീതികളും ക്ഷീരകർഷകരിൽ എത്തിക്കുന്നതിനായി ക്ഷീരപരിശീലന കേന്ദ്രങ്ങൾ മുഖേന ക്ഷീരകർഷകർക്ക് ക്ലാസ്സുകൾ, പരിശീലനങ്ങൾ, സെമിനാറുകൾ, സംസ്ഥാന ക്ഷീരസംഗമത്തോട് അനുബന്ധിച്ച് ഫോഡർ ഡേ സെലിബ്രേഷൻ എന്നിവയും തീറ്റപ്പുൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വകുപ്പ് നടത്തുന്നുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ 1728 ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽകൃഷി നടപ്പിലാക്കുകയും 4.13 കോടി രൂപ പ്രസ്തുത പദ്ധതി ഇനങ്ങൾക്കായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷം 2213 ഹെക്ടർ സ്ഥലത്ത് |

| | | | |
|---|---|---|---|
| | | | 3.77 ലക്ഷം മെട്രിക് ടൺ തീറ്റപ്പുൽകൃഷി അധികമായി ഉത്പാദിപ്പിക്കുന്നതിന് വകുപ്പ് ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ